(സി) 15-5-2015-ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് എയ്ഡഡ് പദവി നൽകേണ്ട സ്കൂളുകളെ സംബന്ധിച്ച അന്തിമ ലിസ്റ്റ് പൂർത്തിയായിട്ടില്ല

അമ്പലപ്പുഴ ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം

83 (3818) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ പുതുതായി പ്ലസ് ടു ക്ലാസ്സുകൾ ആരംഭിച്ചു ; ഓരോ സ്കൂളുകളിലും ഏതൊക്കെ കോഴ്സുകൾക്കാണ് അനുമതി നൽകിയത് ;

(ബി) ഓരോ പ്ലസ് ടു സ്കൂളിലും അനുവദിച്ച സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ; ഓരോ സ്കൂളിലും നിലവിൽ എത്ര അദ്ധ്യാപകരെയും അനദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട് ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം ഹയർ സെക്കണ്ടറി സ്കൂളുകളിൽ അഡീഷണൽ കോഴ്സുകളും ബാച്ചുകളും ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) 2015-16 അദ്ധ്യയനവർഷം അമ്പലപ്പുഴ മണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരില്ലാത്ത തസ്തികകളിൽ താൽക്കാലിക അദ്ധ്യപകരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) നിശ്ചിത യോഗ്യതയുള്ള താൽക്കാലിക അദ്ധ്യാപകരെ കണ്ടെത്തി നിയമിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

സ്കൂളിന്റെ പേര്	കോഴ്സ് കോഡ് നമ്പർ	ബാച്ചുകളുടെ എണ്ണം
ഗവ.എച്ച്.എസ്., കക്കാഴം	1	1
	39	1
ഗവ.എച്ച്.എസ്., പറവൂർ	1	1
	39	1

LIBRARY ARCHIVES Kerala Legislative Assembly

(ബി) തസ്തിക നിർണ്ണയത്തിനുശേഷമേ സ്റ്റാഫ് പാറ്റേൺ നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. പുതുതായി അനുവദിച്ച സ്കൂളുകളിലെ തസ്തിക നിർണ്ണയം ഇതുവരെയും പൂർത്തിയായിട്ടില്ല.

(സി)

സ്കൂളിന്റെ പേര്	കോഴ്സ് കോഡ് നമ്പർ	ബാച്ചുകളുടെ എണ്ണം
അറവുകാട് എച്ച്.എസ്.എസ്. പുന്നപ്ര	42	1
എസ്.എൻ.എം.എച്ച്.എസ്.എസ്., പുറക്കാട്	5	1

(ഡി) ഉണ്ട്. 2013-14 അധ്യയന വർഷം ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ച എല്ലാ സ്കൂളുകളിലും ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കാവുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി

84 (3819) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) അസാപ് നടപ്പാക്കിയിട്ടുള്ള സ്കൂളുകളിൽ എന്തെല്ലാം സൗകര്യങ്ങൾ കൂടുതലായി അനുവദിച്ചിട്ടുണ്ട് ;

(സി) ഇതിന്റെ ഭാഗമായി ഏതെല്ലാം കോഴ്സുകൾ നടത്തുന്നു ;

(ഡി) പ്രസ്തുത കോഴ്സുകൾക്ക് വേണ്ട അദ്ധ്യാപകരെ എപ്രകാരമാണ് നിയമിച്ചിട്ടുള്ളതെന്നും അവരുടെ വേതനഘടനയും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly